# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.16-1467/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 06/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.16-1467/22 തീയ്യതി: 06/07/2022

## പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-10-2018 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശിഭൂഷൺ.ഇ. | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. -ഓഡിറ്റ് ഓഫീസർ
ബീന.എം.വി. -സീനിയർ ഗ്രേഡ് ഓഡിറ്റർ
താരിഖ്.എം.എസ്. -സീനിയർ ഗ്രേഡ് ഓഡിറ്റർ
(2019-20 വർഷത്തെ ഓഡിറ്റ് കൂടി ഇതോടൊപ്പം നടത്തിയിട്ടുണ്ട്)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ദീപ നാരായണൻ | പ്രസിഡന്റ് | 01-04-2020 | 15-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 16-11-2020 | 29-12-2020 |
| ശ്രീ.കെ.സുരേഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ഗോകുൽദാസ്.ടി.ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 16-06-2020 |
| ശ്രീമതി.അമിത.സി.ഒ. | സെക്രട്ടറി | 17-06-2020 | 31-12-2020 |
| ശ്രീ.ഗോകുൽദാസ്.ടി.ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-01-2021 | 22-01-2021 |
| ശ്രീമതി.അമിത.സി.ഒ. | സെക്രട്ടറി | 23-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അർച്ചന.സി.ആർ. | കൃഷി ഓഫീസർ | 01-04-2020 | 03-12-2020 |
| ശ്രീമതി.ദർശന.എസ്. | കൃഷി ഓഫീസർ | 04-12-2020 | 17-01-2021 |
| ശ്രീമതി.റുബീന.എ. | കൃഷി ഓഫീസർ | 18-01-2021 | 31-03-2021 |
| ശ്രീമതി.ആയിഷാബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ഷൈലജ.ടി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.സുജാത.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.ഷൈനി.എൻ. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ജ്യോതിസ് ശങ്കർ.വി.ഡി. | വെറ്ററിനറി സർജൻ | 01-04-2020 | 16-09-2020 |
| ശ്രീമതി.ജിനി.കെ.എസ്. | വെറ്ററിനറി സർജൻ | 17-09-2020 | 31-03-2021 |
| ശ്രീ.കെ.എം.നാരായണൻകുട്ടി | പ്രധാന അധ്യാപകൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീമതി.രാധ.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഗോകുൽദാസ്.ടി.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രിയ.പി.ബി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജേഷ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Tharick (Senior Grade Auditor, On 30-06-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 30-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: P. Sujatha (Audit Officer, On 01-07-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: M.V.Beena (Senior Grade Auditor, On 29-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 29-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: M.S.Tharick (Senior Grade Auditor, On 30-06-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 30-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 1-10 |
| 12 | പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നു<br>Written By: M.S.Tharick (Senior Grade Auditor, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-11 |
| 13 | കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: M.V.Beena (Senior Grade Auditor, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-12 |
| 14 | വാഹനപരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: M.V.Beena (Senior Grade Auditor, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-13 |
| 15 | അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് അമൃതം ഫുഡ്സ് -ലാബ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്<br>Written By: M.S.Tharick (Senior Grade Auditor, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-14 |
| 16 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തൽ<br>Written By: M.S.Tharick (Senior Grade Auditor, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-15 |

| | | |
|---|---|---|
| 17 | അമൃതം ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു<br>Written By: M.S.Tharick (Senior Grade Auditor, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-16 |
| 18 | അഗതി രഹിത കേരളം -ആശ്രയ ഗുണഭോക്താക്കൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-17 |
| 19 | ലൈഫ് ഭവൻ പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-18 |
| 20 | ഭവന പുനരുദ്ധാരണം - മതിയായ തുക വകയിരുത്തിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-19 |
| 21 | പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന സംവിധാനം-അവലോകനം<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-20 |
| 22 | വി ഇ ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ,പ്രിന്റർ-ലഭിച്ചിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-21 |
| 23 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ -ലൈസൻസ് നേടിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-22 |
| 24 | ജലനിധി പദ്ധതി - പമ്പ് ഓപ്പറേറ്റർമാരുടെ വേതനം - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: M.V.Beena (Senior Grade Auditor, On 30-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-06-2022) | 1-23 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 1-24 |
| 26 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 1-25 |
| 27 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 1-26 |
| 28 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-27 |
| 29 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവ് ചെയ്തില്ല<br>Written By: P. Sujatha (Audit Officer, On 01-07-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-28 |
| 30 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ -ഫയൽ ഹാജരാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 01-07-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-29 |
| 31 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ - പദ്ധതി പൂർത്തിയാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 01-07-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-30 |

| | | |
|---|---|---|
| 32 | പല്ലാർമംഗലം ഗ്യാസ് ശ്മശാനം-പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 01-07-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-31 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല<br>Written By: P. Sujatha (Audit Officer, On 01-07-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 3-1 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തിക്ക നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.V.Beena (Senior Grade Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sujatha (Audit Officer, On 01-07-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

22.2.2020 തീയതിയിലെ (1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.2.2021 തീയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 59004970 |
| വരവ് | 135440396 |
| ആകെ വരവ് | 194445366 |
| ചെലവ് | 124511392 |
| നീക്കിയിരിപ്പ് | 69933974 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 3-6.2022 | --- | --- |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1) കേന്ദ്രാവിഷ്കൃതം (ഐ സി ഡി എസ്), ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഷെയറുകളുടെ ഫണ്ടു വിവരം, മറ്റ് ഏജൻസികളിൽ നിന്ന് ലഭ്യമാകുന്ന ഫണ്ടുകളുടെ വിവരം എന്നിവ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ലൈഫ് പദ്ധതിക്കായി എടുത്തിട്ടുള്ള ലോൺവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭരണചെലവുകൾ, EFMS ചെലവുകൾ എന്നിവ NREGS കാഷ്ബുക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത വിഹിതം Secured Loans From State Govt. എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്.

5) ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം എഴുതിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. 340200106 എന്ന ഹെഡിലെ Deposits Received From Halls And Auditoriums, 340109901 എന്ന ഹെഡിലെ Other Deposits, 340100303 എന്ന ഹെഡിലെ Election Deposit എന്നീ ഇനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 460500203 എന്ന ഹെഡിൽ കാണിച്ച Kerala State Housing Board-ൽ ഡെപ്പോസിറ്റ് ചെയ്ത തുക യഥാർത്ഥത്തിൽ KSEB ഡെപ്പോസിറ്റ് തുകയാണ്.

6) അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. 460500501 എന്ന ഹെഡിലെ Advance To Implementing Officers, Advance To NREGS ഇനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഓഡിറ്റ് കാലയളവിലെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ ഈ ഹെഡിൽ ചേർത്തിട്ടില്ല.

7) 450210104 എന്ന ഹെഡിലുള്ള Treasury Own Fund Account (Sub Treasury, Ottappalam -614) നിലവിലില്ല. എന്നാൽ വാർഷിക കണക്കിൽ നില നിർത്തിയിരിക്കുന്നു.

8) Cheque Deposited But Not Collected എന്ന ഇനത്തിൽ 5.4.2019 ൽ ഡെപ്പോസിറ്റ് ചെയ്ത തുക

₹69100ഉൾപ്പെടുത്തി കാണുന്നു.

9) ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

10) പെർമിറ്റ് ഫീ ഇനത്തിൽ 2020-21 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 231560- വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവു വന്ന രേഖപ്പെടുത്തലുകളുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11) ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീയിനത്തിൽ 147738-വരവുണ്ട്. രജിസ്റ്ററിൽവരവു വന്ന രേഖപ്പെടുത്തലുകളുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

13) സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമായിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 1/14.6.2022ന് 2021-22വർഷം ശരിയായ ഹെഡിൽ തന്നെയാണ് അക്കൌണ്ട് ചെയ്തിട്ടുള്ളത് എന്നും അപാകതകൾ പരിഹരിക്കാം എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹59180211 |
| വരവ് | ₹118308855 |
| ആകെ | ₹177489066 |
| ചെലവ് | ₹126364518 |
| നീക്കിയിരിപ്പ് | ₹51124548 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 13571020 | 13571020 | 12846189 | 724831 |
| വികസനഫണ്ട് എസ്.സി.പി | 0 | 11266360 | 11266360 | 10504730 | 761630 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11358000 | 11358000 | 11275854 | 82146 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5428533 | 5428533 | 5279811 | 148722 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 11091428 | 11091428 | 8024852 | 3066576 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | | 6690000 | 6690000 | 4790712 | 1899288 |

സർക്കാരിൽ നിന്നും തൻവർഷം ലഭിച്ച പദ്ധതി ഫണ്ടിൽ ₹6683193 വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 527272 | 855701 | 1382973 | 977852 | 405121 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ. ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 151038 | 1085099 | 1236137 | 1236077 | 60 |
| എം.എൻ.ആർ.ഇ. ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 18258055 | 18258055 | 18258055 | 0 |
| ആകെ | 151038 | 19343154 | 19494192 | 19494132 | 60 |

എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് വരവ്, ചെലവ്, തൊഴിലാളികളുടെ വേതനം എന്നിവ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

രജിസ്റ്റർ പ്രകാരം ഉള്ള വരവ് ചെലവുകൾ

NREGS അഡ്മിൻ വരവ് -₹949815 അഡ്മിൻ ചെലവ് -₹859460, തൊഴിലാളികളുടെ വേതനം -₹19358587/- മെറ്റീരിയൽ -₹176420

*3. ശുചിത്വ ഫണ്ട്*

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 1181842 | 190000 | 1371842 | 64155 | 1307687 |
| ശുചിത്വ മിഷൻ ഫണ്ട് | 9007 | 0 | 9007 | 0 | 9007 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 3083821 | 3083821 | 0 | 3083821 |
| PBGI മഴക്കാലപൂർവ ശുചീകരണം | 10495 | 0 | 10495 | 0 | 10495 |
| ആകെ | 1190849 | | 1380849 | 0 | 1316694 |

4. സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 2900000 | 2900000 | 2500000 | 400000 |
| ജലനിധി | 820208 | 4142392 | 4962600 | 337099 | 4625501 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 262 | 203583853 | 203 | 82770448 | --- | 59 | 77.48 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്കുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 8894019 | 7542095 | 84.8 |
| വി.ഇ.ഒ. | 28 | 19 | 120622863 | 26395790 | 21.88 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 12 | 7075200 | 5664190 | 80.06 |
| സെക്രട്ടറി | 24 | 15 | 11960607 | 8101199 | 67.73 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 153 | 117 | 44250106 | 28191842 | 63.71 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 2504114 | 803496 | 32.09 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 625000 | 624997 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 320000 | 320000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 869000 | 556500 | 64.04 |
| പ്രധാന അധ്യാപകൻ | 11 | 9 | 2496217 | 2270964 | 90.98 |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1152747 | 852747 | 73.98 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 1769980 | 1446628 | 81.73 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 1044000 | 0 | 0 |
| ആകെ | 262 | 203 | 203583853 | 82770448 | 40.66 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 151038 | 1085099 | 1236137 | 1236077 | 60 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 18258055 | 18258055 | 18258055 | 0 |
| ആകെ | 151038 | 19343154 | 19494192 | 19494132 | 60 |

എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് വരവ്, ചെലവ്, തൊഴിലാളികളുടെ വേതനം എന്നിവ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

രജിസ്റ്റർ പ്രകാരം ഉള്ള വരവ് ചെലവുകൾ

NREGS അഡ്മിൻ വരവ് -₹949815 അഡ്മിൻ ചെലവ് -₹859460, തൊഴിലാളികളുടെ വേതനം -₹19358587/- മെറ്റീരിയൽ -₹176420

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2880 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 10468700 | 2 |
| വിധവാപെൻഷൻ | 36998800 | 68 |
| വാർദ്ധക്യകാലപെൻഷൻ | 49750500 | 224 |
| വികലാംഗപെൻഷൻ | 8347400 | 16 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3454700 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-06-2022 3.10 Pm-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 16109-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

ലൈഫ് പദ്ധതി ഇനത്തിൽ ലോൺ വരവും തിരിച്ചടവും മുൻ വർഷങ്ങളിലേതുൾപ്പെടെ ഉണ്ടെങ്കിലും ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പല്ലാർമംഗലം ഗ്യാസ് ശ്മശാനം റോഡിന്റെ അഭാവം പരിഹരിച്ച് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2020-21 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹₹6683193 /- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി പണം നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.4.2022 | 3/2022 | PAU6/PAT.1 /LKD/03 /20222 Dt. 28.4.2022 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.10.10 To 15.10.10 | 2005-06 To 2009-10 | 18.11.10 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.2.2022 To 3.3.2022 | 1.4.2016 To 31.1.2022 | I/AMG-I/(HQ)/III/II/C-3/8A-15/2021-22/36 Dt. 3.5.2022 |

അക്കൌണ്ടന്റ് ജനറലിന്റെ 2005-06 To2009-10 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ ഖണ്ഡികകളും തീർപ്പാക്കി.

അക്കൗണ്ടന്റ് ജനറലിന്റെ 1.4.2016 To 31.1.2022 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## 1-11 പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നു

പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ/ റഗുലറൈസേഷന് രജിസ്റ്റർപരിശോധിച്ചതിൽ പഞ്ചായത്തിൽ 2020-21 വർഷം 681 കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷകളാണ് വന്നിട്ടുള്ളത്. കൂടാതെ രജിസ്റ്റർ പ്രാകരം 200 ക്രമവൽക്കരണ അപേക്ഷകൾ വന്നിട്ടുണ്ട്.

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. എന്നാൽ 2020-21 വർഷം നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ്, റഗുലറൈസേഷൻ രജിസ്റ്റർ എന്നീ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പെർമിറ്റ് നേടാതെ നിരവധി നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. പട്ടിക താഴെ കാണുക.

| അപേക്ഷയുടെ തരം | അനുവദിച്ച എണ്ണം (2020-21) |
|---|---|
| കെട്ടിട നിർമ്മാണ പെർമിറ്റ് | 681 |
| റഗുലറൈസേഷൻ | 200 |

പെർമിറ്റ് എടുക്കാതെ റഗുലറൈസേഷൻ ചെയ്ത കെട്ടിടങ്ങൾ അധികരിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെന്നും നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണമില്ല എന്നുമാണ് സൂചിപ്പിക്കുന്നത്.

എല്ലാ നിർമ്മാണങ്ങളേയും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുകകൾ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര് | ബിൽ നം./തിയതി തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 191/21- പഞ്ചായത്ത് പ്രദേശത്ത് സ്ടീറ്റ് മെയിൻ വലിക്കൽ | 23/ 28.08.20 -293335<br>40/27.03.21-254597<br>ആകെ -547932 (വികസന ഫണ്ട്) | കെ.എസ്.ഇ.ബി |
| 2 | 10/21- പഞ്ചായത്ത് പ്രദേശത്ത് സ്ടീറ്റ് മെയിൻ വലിക്കൽ | 42/27.03.21- 489612 ( വികസന ഫണ്ട്-) | കെ.എസ്.ഇ.ബി |
| 3 | 281/21- ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | Requisition No-00029 / 0.10.20-29336<br>Requisition 00051/ 17.03.21- 42172<br>ആകെ -71508 (തനതുഫണ്ട്) | കെ.എസ്.ഇ.ബി |

മേൽ സൂചിപ്പിച്ച പ്രവർത്തികളുടെ പൂർത്തീകരണവിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വാഹനപരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 51-B-9090- Bolero വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ടുള്ള രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് മാർഗനിർദേശങ്ങൾ സ.ഉ (എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

.ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് 2020-21 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടില്ല . ഇതു സംബന്ധിച്ച ഫ്യൂവൽ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. .

- വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.
- ഇന്ധന ഉപഭോഗത്തിന്റെ കൃത്യത ഉറപ്പാക്കാൻ ഇന്ധനം നിറച്ച തീയതി ,ടാങ്കിലെ ഇന്ധനത്തിന്റെ അളവ് ,ഹാജരായിരുന്ന ആളുടെ പേര് , ഉദ്യോഗപ്പേര് ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് എന്ന വ്യവസ്ഥയുണ്ട്. ടി നിർദ്ദേശം പാലിച്ചിട്ടില്ല.
- ജി.ഒ(പി)നം.161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചിയിച്ചിട്ടുള്ള മാതൃകയിൽ

വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

. പ്രതിമാസ സംക്ഷിപ്തം എഴുതിയിട്ടില്ല.

. ഇന്ധന ഓർഡർ ബുക്ക് സൂക്ഷിച്ചിട്ടില്ല.

. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

. വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച റിപ്പയർ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മാറ്റിയ സാധനങ്ങൾ വാറണ്ടി കാലയളവ് കഴിയുന്നതിന് മുമ്പ് വീണ്ടും മാറ്റി സ്ഥാപിക്കുന്നുണ്ടോ, റിപ്പയർ സംബന്ധിച്ച് അമിതമായി ചെലവ് വരുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 6, തീയതി- 18.06.22) വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് കണ്ടിൻജൻറ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്നും തുടർന്ന് സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1). സ.ഉ(എം.എസ് )നം.170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

2).വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുന്നതിന് ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്തേണ്ടതാണ്.

3) .വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.

4).വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

5) ലോഗ് ബുക്കിൽ പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്.

6) ഇന്ധന ഓർഡർ ബുക്ക് , സ്റ്റോക്ക് രജിസ്റ്റർ , റിപ്പയർ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്.

## 1-14 അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് അമൃതം ഫുഡ്സ് -ലാബ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്

1) സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ ഭാരത സർക്കാരിന്റെ ചെന്നൈയിലുള്ള റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. (മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്).2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിനായി സാമ്പിൾ അയച്ചതിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

1) എല്ലാ ബാച്ച് ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ പരിശോധിച്ചതിന്റെ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

2)അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് കിഡ്സ് ലൗവർ അമൃതം ഫുഡ്സ്, കണിയംപുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത്. സ്ഥാപനവുമായി ചമച്ച കരാർപത്രം ഹാജരാക്കിയിട്ടില്ല.

1-15 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തൽ

ഗ്രാമപഞ്ചായത്ത് ഓഡിറ്റിനോടനുബന്ധിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 32 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 25 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 7 |
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 3 |
| | ചുറ്റുമതിൽ ഇല്ലാത്തവ | 0 |
| 7 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 8 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 14 |
| 9 | വയറിങ്ങ്കഴിഞ്ഞിട്ടും വൈദ്യുതീകരിക്കാത്തത് | 0 |
| 10 | ധാന്യസംഭരണി ഇല്ലാത്തവ | 0 |
| 11 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | 0 |
| 12 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | 0 |
| 13 | ടോയ് ലെറ്റ് ഇല്ലാത്തവ | 0 |
| 14 | ഫാൻ ഇല്ലാത്തവ | 0 |
| 15 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | |

സർക്കുലർ നമ്പർ 39033/ഡി.സി.2/2/ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ആയതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്

1-16 അമൃതം ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ പോഷകാഹാര പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. | 159/20,(അങ്കണവാടി പോഷകാഹാരം ജനറൽ) |

| | |
|---|---|
| അടങ്കൽ | 2481000 |
| ഫണ്ട് | വികസന ഫണ്ട് +കേന്ദ്രാവിഷ്കൃതം |
| ചെലവ് | 2457714 |
| ബിൽനം. തി. | 7/21, 25-08-2020, തുക-430347/-<br>8/21, 27-08-20, തുക-381760/-<br>Chq No-5182752/18-02-21, 977852/- (കേന്ദ്രാവിഷ്കൃതം) |

മേൽ പദ്ധതിക്കായി അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് കിഡ്സ് ലൗവർ അമൃതം ഫുഡ്സ്, കണിയംപുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 2020-21 വർഷത്തിൽ 1789959 -(ജി.എസ്.ടി ഒഴികെയുള്ള തുക) രൂപ അമൃതം ന്യൂട്രിമിക്സ് ഇനം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

(അക്കൗണ്ട് നമ്പർ- CNRB0000738, 0738256007299)

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് കുറവു ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം-10/18-06-2022 ക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം നികുതി അടവാക്കിയതിന്റെ കോപ്പി ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

1-17 അഗതി രഹിത കേരളം -ആശ്രയ ഗുണഭോക്താക്കൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല

1) സ.ഉ (എം.എസ്)22/2018/ത.സ്വ.ഭ.വ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. സ.ഉ(എം.എസ്)252/2017/ത.സ്വ.ഭ.വ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമി യുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. 14.09.2018 ലെ സ.ഉ (എം.എസ്)/128 /2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിൽ ആശ്രയ ഗുണഭോക്തകൾക്കായി താഴെപറയും പ്രകാരം തുക വകയിരുത്തുകയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|---|
| 58/20 | ഹൗസ് റിപ്പയർ( ജ) | 100000 | 4 |
| 59/20 | ഹൗസ് റിപ്പയർ( Sc) | 0 | 0 |

2020-21

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|---|
| 175/21 Gen | ആശ്രയ പദ്ധതിക്ക് കുടുംബശ്രീക്ക് തുക കൈമാറൽ | 300000- | 139 |
| 178/21 (Sc) | ആശ്രയ പദ്ധതിക്ക് കുടുംബശ്രീക്ക് തുക കൈമാറൽ | 368117- | 97 |

1) ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം പ്രകാരം അഗതികളായ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അഗതിരഹിതകേരളം പദ്ധതിയുടെ ലിസ്റ്റിൽ 236 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ സ്ഥലം, ഭവനം, ഭവന റിപ്പയർ, ലാട്രിൻ, വൈദ്യുതി കണക്ഷൻ, കുടിവെള്ളകണക്ഷൻ, മരുന്ന്, വിദ്യാഭ്യാസം എന്നീ ക്ലേശഘടകങ്ങൾക്ക് അർഹരായ ഗുണഭോക്താക്കളുടെ എണ്ണം എന്നിവ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ക്ലേശഘടകങ്ങൾ | അംഗങ്ങളുടെ എണ്ണം | വകയിരുത്തിയ തുക |
|---|---|---|---|
| 1 | ഭവനം | 38 | 15,20,000 |
| 2 | ഭവന നവീകരണം | 18 | 3,80000 |
| 3 | വിദ്യഭ്യാസം | 2 | 9000 |
| 4 | കുടിവെള്ളം | 14 | 2,80,000 |
| 5 | മരുന്ന് | 8 | 24000 |
| 6 | ലാട്രിൻ | 12 | 2,40,000 |

4) 2019-20, 2020-21 വർഷത്തിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനു 4,80,000/- രൂപയും ഭക്ഷ്യധാന്യകിറ്റിനു 210,9770/- രൂപയും നൽകിയിട്ടുണ്ട്.

മേൽ പറഞ്ഞ ഭവനം ആവശ്യമായ 38 ഗുണഭോക്താക്കളിൽ ആരും തന്നെ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 2/14-06-2022) മറുപടിയിൽ ആശ്രയ ഗുണഭോക്താക്കൾ ആരും തന്നെ വീട് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

ക്ലേശഘടകങ്ങൾക്ക് അർഹരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ നൽകേണ്ടതാണ്.

1-18 ലൈഫ് ഭവൻ പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

1)ലൈഫ് ഭവൻ പദ്ധതി -എസ് സി-20-21

പ്രൊജക്റ്റ്നം-65/20-21

അടങ്കൽ-1,84,00000

ചെലവ്- 91,09502

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ അനുസരിച്ച് പദ്ധതിയിലുൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ

ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല. ഇവർ നാല് ലക്ഷം രൂപയുടെ ധനസഹായത്തിൽ ഭാഗികമായി തുക കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം. | പേര്, വിലാസം | നല്കിയ തുക | നല്കാനുള്ള തുക |
|---|---|---|---|
| 1 | ജ്യോതി, വാർഡ് 13, ഉന്നത്ത് പടി | 40000 | 360000 |
| 2 | രാധ, വാർഡ് 12, കതിർപ്പറമ്പ് | 200000 | 200000 |

2) ലൈഫ് ഭവൻ പദ്ധതി -ജനറൽ-20-21

പ്രൊജക്ട്നം-64/20-21

അടങ്കൽ-2,040,0000

ചെലവ്- 92,55000

| ക്രമ നം. | പേര്, വിലാസം | നല്കിയ തുക | നല്കാനുള്ള തുക |
|---|---|---|---|
| 1 | ആയിശ, വാർഡ് 13, മണൽപ്പുറത്ത് | 40000 | 360000 |

ധനസഹായം കൈപറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുക.

1-19 ഭവന പുനരുദ്ധാരണം - മതിയായ തുക വകയിരുത്തിയിട്ടില്ല

| പ്രൊജക്റ്റ് നം/ പേര് | ബിൽ നമ്പർ/തിയതി /ചെക്ക് നം | ആകെ ചെലവു തുക |
|---|---|---|
| 66/21- ജനറൽ<br>അടങ്കൽ- 9,50,000 | 22/21, 1,75,000<br>23/21, 200,000<br>26/21, 1,75,000<br>45/21, 2,25,000<br>44/21, 1,75,000 | ചെലവ്- 9,50,000 |
| 67/21 എസ് സി<br>അടങ്കൽ- 14,25,0,00 | 24/21, 2,75,000<br>27/21, 2,50,000<br>30/21, 3,25,000<br>36/21, 1,50,000<br>40/21 , 2,75,000<br>41/21, 25,000 | ചെലവ്- 13,00,000 |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7.6 പ്രകാരം ഭവന പുനരുദ്ധാരണം ജനറൽ വിഭാഗത്തിന് പരാമവധി 750000/- രൂപയും എസ്.സി വിഭാഗത്തിന് 1,00000 അനവദിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ ജനറൽ വിഭാഗത്തിന് 30000/- രൂപയും എസ് സി വിഭാഗത്തിന് 50000- നൽകിയിട്ടുള്ളത്. ഇതുമൂലം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ ഭവനങ്ങൾ പൂർണ്ണമായും പുനരുദ്ധാരണം ചെയ്യാൻ സാധ്യമാകുന്നില്ല.

അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ചെറിയ തുക നൽകുന്നതുവഴി എറ്റവും അർഹരായവർക്ക് ആവശ്യമായ ആനുകൂല്യം കിട്ടാതെ വരുന്നു.

പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന സംവിധാനം-അവലോകനം

സർക്കാർ ഉത്തരവ് സാധാ നം./2420/2017 ത.സ്വ.ഭ.വ. തിയ്യതി 15/07/2017 പ്രകാരമാണ് ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ഹരിതകർമ്മസേന രൂപീകരിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. ഓരോ തദ്ദേശ സ്വയംഭരണ കേന്ദ്രത്തിലെയും ഹരിത കേരളാ മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും യോഗം ചേർന്ന് ഹരിതകർമ്മസേന രൂപീകരിക്കേണ്ടതും തുടർന്ന് ജനങ്ങളുടെ സമ്പൂർണ്ണ സഹകരണം ഉറപ്പു വരുത്തുന്നതിനായി ഓരോ വീട്ടിലും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ സന്ദേശവും മാലിന്യ സർവ്വേയുടെ വിശദാംശങ്ങളും എത്തിക്കേണ്ടതും കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാലിന്യ സർവ്വെ നടത്തേണ്ടതുമാണ്. ഇതിനാവശ്യമായ പരിശീലനം ഹരിതകർമ്മസേനയ്ക്ക് ഹരിതസഹായ സ്ഥാപനം നൽകേണ്ടതും ഈ സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ ഹരിത സഹായ സ്ഥാപനത്തിന്റെ വിദഗ്ദ്ധർ ക്രോഡീകരിച്ച് ശില്പശാലയിൽ അവതരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അംഗീകാരം ലഭിച്ചശേഷം മാലിന്യ സംസ്കരണ പരിപാടി ആരംഭിക്കാവുന്നതാണ്.

1) ഹരിത കർമ്മസേന രൂപീകരണം

മേൽ ഉത്തരവ് പ്രകാരം ലെക്കിടി പഞ്ചായത്തിൽ സെപ്റ്റംബർ/2020 ൽ തീരുമാനം (1) പ്രകാരമാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേക്ക് പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതിനായി ഓരോ വീടുകളിൽ നിന്നും പ്രതിമാസം 50/- രൂപ നിരക്കിലും, വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലും നിശ്ചിത മാതൃകയിലുള്ള രസീതി മുഖേന ഫീസ് 21-02-2021 മുതൽ ഈടാക്കിവരുന്നുണ്ട്. ഹരിത കർമ്മ സേനയുടെ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ , കൂട്ടുപാത) ഒടുക്ക് വരുത്തുന്നുണ്ട്.

നിലവിൽ 24 അംഗങ്ങളാണ് ഹരിത കർമ്മ സേനയിൽ പ്രവർത്തിക്കുന്നത്. ഓഡിറ്റ് വർഷം ഹരിത കർമ്മ സേനക്ക് വേണ്ടനിർദ്ദേശങ്ങൾ കുടുംബശ്രീയിലെ ബ്ലോക്ക് കോർഡിനേറ്റർ മുഖേനയാണ് നടത്തിയിട്ടുള്ളത്. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുവാനും അജൈവമാലിന്യങ്ങൾ വേർതിരിക്കുവാനും അവ സംസ്കരിക്കുവാനും സേനാംഗങ്ങൾക്ക് ക്ലാസ്സുകൾ ഐ ആർ സി ടി സി ,മുണ്ടൂർ കോഡിനേറ്റർ മുഖേന നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും കടകളിലും നിന്നും പ്ലാസ്റ്റിക് മാലിന്യ ശേഖരണം നടത്തി വരുന്നുണ്ട്. അജൈവമാലിന്യങ്ങളുടെ സംഭരണത്തിനായുള്ള എം.സി.എഫ് താൽക്കാലിക കേന്ദ്രം പഞ്ചായത്ത് കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു കൊണ്ടുവരുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ക്ലീൻ കേരള മിഷനുമായി എഗ്രിമന്റ് വെച്ചിട്ടുണ്ട് . ഹരിത കർമ്മ സേനയുടെ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ (A/c No-714702010007447, Union Bank,lekkidi) 3-06-2022 ൻ 75839- രൂപ നീക്കിയിരിപ്പുണ്ട്.

2)ഹരിതകർമ്മസേനയുടെ പ്രവർത്തനം

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി ഓഡിറ്റ് വർഷങ്ങളിൽ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | പേര് | ചെലവഴിച്ച |
|---|---|---|

| നം. | | തുക (₹) |
|---|---|---|
| 266/21 | ഹരിതകർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | 26655/- ശുചിത്വമിഷൻ ഫണ്ട്. |

3)എം സി എഫ് കേന്ദ്രം

ഗ്രാമപഞ്ചായത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിന വേണ്ടി മുളഞ്ഞൂർ എന്ന സ്ഥലത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണം തുടങ്ങിയിട്ടില്ല. നിലവിൽ മാലിന്യങ്ങൾ കൃത്യമായി വേർതിരിച്ച് ശേഖരിച്ച് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള താൽക്കാലിക എം സി എഫിൽ ശേഖരിക്കുന്നു.

എം സിഎഫിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല.






പഞ്ചായത്ത് കോമ്പൗണ്ടിലുള്ള താൽക്കാലിക എം സി എഫ് കേന്ദ്രം

4)നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/20201/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല

5) ഓഡിറ്റ് ശിപാർശകൾ

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- സർക്കാർ നിശ്ചയിച്ച യൂസർ ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മാലിന്യ ശേഖരണം ശാസ്ത്രീയമായും കാര്യക്ഷമമായും നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ശേഖരിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് വിൽപന നടത്തുന്നതിന് ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കാവുന്നതാണ്
- ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുവാൻ വിവിധ ഏജൻസികളുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതാണ്.
- സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനം സമിതിയുടെയും പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.
- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിന വേണ്ടി സ്ഥിരമായ കെട്ടിടം കണ്ടെത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 വി ഇ ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ,പ്രിന്റർ-ലഭിച്ചിട്ടില്ല

വി ഇ ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ ,പ്രിന്റർ വാങ്ങുന്നതിനു വേണ്ടി താഴെ പറയും പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| പ്രോജക്ട് നം 290/21 | വി ഇ ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ | അടങ്കൽ- 150183- | ചെലവ്- 102090/- പ്ലാൻ ഫണ്ട് ബിൽ നം-35/21 |
| നിർവ്വഹണം- വി ഇ ഒ | | | KELTRON ( A/c No-799011400003959 Sub Treasury, Vellayambalam). |

മേൽ പ്രൊജക്ട് പ്രകാരം വി.ഇ.ഒ ഓഫീസിലേക്ക് CPRCS മുഖേന കമ്പ്യൂട്ടർ-2 എണ്ണവും പ്രിന്റർ-1എണ്ണവും വാങ്ങുന്നതിനായിട്ടാണ് തുക നൽകിയിട്ടുള്ളത് എന്നാൽ ഓഡിറ്റ് തീയതിവരെയും മേൽ പറഞ്ഞ സാധനങ്ങൾ കെൽട്രോണിൽ നിന്നും ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിർദ്ദേശം

സ.ഉ(പി)നം.259/2010/തസ്വഭവ, തിയതി 08-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്കായുള്ള മാർഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ -ലൈസൻസ് നേടിയിട്ടില്ല

പ്രൊജക്ട് നമ്പർ- 55/20 (സ്പിൽ ഓവർ) Scp

ചെലവു തുക: 80000(വികസന ഫണ്ട്)

ബിൽനം.: 1/21, Dt, 2-04-21
നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

മേൽ പദ്ധതിയിൽ പഞ്ചായത്തിലെ അംഗപരിമിതരായ ഗുണഭോക്താക്കൾക്ക് കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും സൈഡ് വീലോടു കൂടിയ ഒരു ഇരുചക്ര വാഹനംവിതരണം ചെയ്തിട്ടുണ്ട്. വാഹനം കൈപറ്റി 45 ദിവസത്തിനകം വാഹന റജിസ്ട്രേഷൻ,ലൈസൻസ് എന്നിവയുടെ പകർപ്പ് നിർവഹണ ഉദ്യോഗസ്ഥക്ക് കൈമാറേണ്ടതാണ്. എന്നാൽ വാഹനം ലഭിച്ച ഗുണഭോക്താവായ രമ യൂ പി, പേരൂർ ലേണേർസ് ലൈസൻസിന്റെ പകർപ്പാണ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. ടിയാരി ലൈസൻസ് നേടിയതായി കാണുന്നില്ല. ( 7/18-06-2022)

1-23 ജലനിധി പദ്ധതി - പമ്പ് ഓപ്പറേറ്റർമാരുടെ വേതനം - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

ജലനിധി പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് ജലനിധി പദ്ധതി ഏറ്റെടുത്ത

കാലയളവിൽ (2013 സാമ്പത്തികവർഷത്തിൽ) , പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5 കുടിവെള്ള പദ്ധതികൾ ആസ്തികൾ ഉൾപ്പെടെ കരാർ ചമച്ചുകൊണ്ട് ജലനിധിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ അവയിലെ താഴെ പറയുന്ന 3 പദ്ധതികൾ പഞ്ചായത്ത് നേരിട്ടു നടത്തി വരുന്നു .

1) .ഞാവലിൻ കടവ് നദീജല വിതരണ പദ്ധതി

2). പാലക്കുറുശ്ശി പറമ്പ് (ബോർവെൽ സ്കീം)

3) .അകലൂർ (ബോർവെൽ സ്കീം)

ഇവയുടെ നടത്തിപ്പിനായി ഭീമമായ തുക ചെലവഴിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് ടി കുടിവെള്ള പദ്ധതികളിലെ പമ്പ് ഓപ്പറേറ്റർമാരുടെ വേതനം ഇനത്തിൽ 2020-21 വർഷത്തിൽ 330000 രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് Go(Rt)No. 1816/12, LSGD തീയ്യതി 30.06.12 പ്രകാരം ജലനിധി പദ്ധതിയുടേയും ആസ്തികളുടെയും ഉടമസ്ഥത ഗുണഭോക്തൃ സമിതികൾക്കും ഗ്രാമ പഞ്ചായത്തിനും സംയുക്തമായിട്ടായിരിക്കുമെന്നും ഭരണം, നടത്തിപ്പ്, വൈദ്യുതി ചാർജ്ജ് ഒടുക്ക്, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് ഉൾപ്പെടെയുള്ള ചെലവുകളുടെ ചുമതല ഗുണഭോക്തൃ സമിതികൾക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

*എന്നാൽ മേൽ മേൽ പറഞ്ഞ ഉത്തരവിലെ നിർദേശത്തെ മറികടന്നു കൊണ്ട് ഈ പദ്ധതികളുമായി ബന്ധപ്പെട്ട ശമ്പളം, അറ്റകുറ്റപ്പണികൾ എന്നിവയുൾപ്പെടെയുള്ള മുഴുവൻ തുകയും ഇപ്പോഴും പഞ്ചായത്താണ് നേരിട്ട് വഹിക്കുന്നത്.* ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 15/ 20.06.22) കുടിവെള്ള വിതരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്നും കുടിവെള്ളവിതരണം തടസ്സപ്പെടുത്താതിരിക്കാൻ പമ്പ് ഓപ്പറേറ്റർമാർക്ക് വേതനം നൽകുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പദ്ധതികൾ ബന്ധപ്പെട്ട ജലനിധി സ്കീം ലെവൽ കമ്മറ്റിക്ക് (SLEC ll) കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

## 1-24 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 153 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 117 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ₹44250106 വകയിരുത്തിയതിൽ ₹28191842 ആണ് ചെലവഴിച്ചിട്ടുള്ളത്. 63.71% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹16058264/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 1334981 | 1078265 | 256716 |
| പൊതുവിഭാഗം(എസ്.സി.പി) | 4824183 | 4243220 | 580963 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6893548 | 5725546 | 1168002 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3616342 | 0 | 3616342 |
| സംസ്ഥാനാവിഷ്കൃതം | 12000 | 0 | 12000 |
| തനതു ഫണ്ട് | 5586727 | 1138814 | 4447913 |
| മറ്റ് ഗ്രാമപഞ്ചായത്തുകൾ | 624400 | 624400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2300000 | 1264110 | 1035890 |

| | | | |
|---|---|---|---|
| മെയി.ഫണ്ട്(റോഡ്) | 14740625 | 11275854 | 3464771 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 4317300 | 2841633 | 1475667 |
| ആകെ | 44250106 | 28191842 | 16058264 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

കൂടാതെ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്റ്റ് നം. 237/21 – ഭഗവതി ബസ് സ്റ്റോപ്പ്-റയിൽവേ ട്രാക്ക് റോഡ് സംരക്ഷണ ഭിത്തി -വാർഡ് 12
- പ്രൊജക്റ്റ് നം. 242/21 -അംഗൻവാടികൾക്ക് ശിശു സൌഹൃദ ശൌചാലയങ്ങൾ
- പ്രൊജക്റ്റ് നം. 243/21 – പുത്തരിപ്പാടം ജലസേചന പദ്ധതി
- പ്രൊജക്റ്റ് നം. 244/21 -പള്ളത്ത് റോഡ് പാർശ്വ ഭിത്തി -വാർഡ് 8
- പ്രൊജക്റ്റ് നം. 250/21 -പൊട്ടപ്പള്ളം തടയണയ്ക്ക് ചീർപ്പ്
- പ്രൊജക്റ്റ് നം. 251/21 -മുല്ലക്കൽപടി കോളനി റോഡ് കോൺക്രീറ്റ് -വാർഡ് 15
- പ്രൊജക്റ്റ് നം. 82/21 -വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണികൾ
- പ്രൊജക്റ്റ് നം.228/21 -പത്തിരിപ്പാലയിൽ പൊതു ശുചിത്വ കോംപ്ലക്സ്
- പ്രൊജക്റ്റ് നം. 229/21- വാഴാലിക്കാവ് കുറുപ്പംപടി റോഡ് റീടാറിംഗ്
- പ്രൊജക്റ്റ് നം. 230/21- വിവിധ അംഗൻവാടികൾക്ക് ചുറ്റുമതിൽ
- പ്രൊജക്റ്റ് നം. 231/21 -കെ.എം.പി.സി.എച്ച്.സി.മെയിൻ കെട്ടിടം അറ്റകുറ്റപണികൾ
- പ്രൊജക്റ്റ് നം. 232/21 -ലെക്കിടിപേരൂർ പഞ്ചായത്ത് പരിസരത്ത് പൊതു ശുചിത്വ കോംപ്ലക്സ്
- പ്രൊജക്റ്റ് നം. 233/21 -തെക്കും ചെറോട് അംഗൻവാടി ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം
- പ്രൊജക്റ്റ് നം. 72/21 -പഞ്ചായത്ത് ഓഡിറ്റോറിയം -അടുക്കള നിർമ്മാണം

മേൽ പ്രൊജക്റ്റുകൾ ഏതു വർഷം എഗ്രിമെന്റ് വെച്ചതാണെന്നും തൻവർഷം നടപ്പിലാക്കാതിരുന്നതിന് കാരണവും മേൽ പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രൊജക്റ്റ് നം. 244/21, 250/21, 251/21, 228/21 എന്നീ പദ്ധതികൾ ഉപേക്ഷിച്ചു എന്നും ബാക്കി എല്ലാ പ്രവൃത്തികളും അടുത്ത വർഷം പൂർത്തീകരിച്ചു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. ആസ്തി രജിസ്ററർ 2019-20 വർഷം വരെ കാലികമാക്കിയിട്ടുണ്ട്.

4. ഇ-ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരുടെ നിരക്കുകളുടെ താരതമ്യ പട്ടിക ഫയലിൽ സൂക്ഷിക്കുന്നില്ല.

5. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ്പ്ലാൻ, ടി.എസ്. എന്നിവ സൂക്ഷിച്ചിട്ടില്ല.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

7. എ. പ്രോജക്ടുകളുടെ ആധിക്യം

സ്പിൽഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 153 മരാമത്ത് പ്രവൃത്തികളിൽ 86 എണ്ണം (56.21%) സ്പിൽഓവർ പ്രോജക്ടുകളാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗിനുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 153 മരാമത്ത് പ്രവൃത്തികളിൽ 45 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും 19 പ്രവൃത്തികൾ റോഡ് ടാറിംഗ് പ്രവൃത്തികളും 33 പ്രവൃത്തികൾ ഇന്റർലോക്ക് ടൈൽസ് പതിക്കൽ പ്രവൃത്തികളുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/19.6.2022ന് റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് R-track എന്ന സോഫ്റ്റ്‌വെയർ വഴി പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നു എന്നും അപാകതകൾ പരിഹരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാത് വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-25 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമാവുന്ന തുകകൾ സൂക്ഷിക്കുന്നതിനു വേണ്ടി തുടങ്ങിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് പാസ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പാസ്ബുക്ക് പരിശോധധക്ക് ഹാജരാക്കാനും ടി അക്കൌണ്ടിലെ ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമായ തുകകളുടെ വിവരവും തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/19.6.2022ന് ഓരോ വർഷത്തെയും അക്കൌണ്ട് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ടെണ്ടർ ഫോം വില പഞ്ചായത്തിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്നും അറിയിച്ചിട്ടുണ്ട്. പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല. പാസ് ബുക്കിലെ ടെണ്ടർ ഫോം വില ഇനത്തിലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റാനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-26 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ

ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമനം. | പ്രവ്യത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 111/20-ബംഗ്ലാപാത അംഗൻവാടി റോഡ് കോൺക്രീറ്റ്<br>അടങ്കൽ - 82920-CFC<br>APAC- 73778<br>കരാറുകാരൻ - ശ്രീ.രമേഷ്.പി.<br>എഗ്രിമെന്റ് നം.: 74/9.1.2020<br>ഭരണ സമിതി തീരുമാനം : 11-11-2019 2(1) | 15-11-2019 | 29-11-2019 | 9-1-2020 | 1000 |
| ആകെ ഈടാക്കേണ്ട പിഴ | | | | | 1000 |

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/20-6-2022ന് തുക ഈടാക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല. കരാറുകാരൻ പ്രവൃത്തി ദീർഘീകരണത്തിന് അപേക്ഷ

നൽകുകയോ എ.ഇ. സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 147/19 -പൂക്കോട്ടുകുന്ന് അംഗൻവാടി അറ്റകുറ്റപണികൾ<br>അടങ്കൽ - 250000 [MG(R)]<br>PAC- 237741<br>കരാറുകാരൻ - ശ്രീ.ഗോപി.വി.<br>എഗ്രിമെന്റ് നം.:45/12.10.2018<br>അളവു പുസ്തകം - 49/18-19<br>ചെലവ് - 249836<br>(ബിൽ നം.16/15.4.2020)<br>പൂർത്തീകരണ കാലാവധി - 6 മാസം | 11-4-2019 | 7-2-2020 | --- | 7132<br>(3%) | 7132 |
| | ആകെ ഈടാക്കേണ്ട തുക | | | | | 7132 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/20-6-2022ന് തുക

ഈടാക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-28 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ 4 പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. ബാരലിന്റെ വിലയായ ₹11424 ഉം GST ₹2064 യും കൂടി ആകെ ₹13488/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 19/20-6-2022ന് ബാരൽ വില കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-29 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ -ഫയൽ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നം. 50/21 -പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ

അടങ്കൽ -₹391249 -MG(NR)

ട്രഷറി ബിൽ നം. 14/15.4.2020 -₹389658

എം.ബി. നം. - 14/20-21

മേൽ പ്രവൃത്തിയുടെ എം. ബുക്ക് മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. പ്രൊജക്റ്റ്, എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ടെണ്ടറുകൾ, എഗ്രിമെന്റ്, വർക്ക് സ്ലിപ്പ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, കംപ്ലീഷൻ റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകള് ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/20.6.2022ന് ഫയൽ ഉടൻ തന്നെ ലഭ്യമാക്കി സമർപ്പിച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതു വരെ ₹389658 യുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-30 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ - പദ്ധതി പൂർത്തിയാക്കേണ്ടതാണ്

1. പ്രൊജക്റ്റ് നം. 225/21 -മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ

അടങ്കൽ - ₹1993168/- (1400000 -കേന്ദ്രാവിഷ്കൃത ഫണ്ട്, 593167 -തനത് ഫണ്ട്)

2. പ്രൊജക്റ്റ് നം. 265/21- മിനി എം.സി.എഫ്. സ്ഥാപിക്കൽ

അടങ്കൽ - ₹485000 -കേന്ദ്രാവിഷ്കൃത ഫണ്ട്

നിർവഹണ ഉദ്യോഗസ്ഥൻ -അസി. എഞ്ചിനീയർ

ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കു വേണ്ടി 2017-18 വർഷം ശുചിത്വ മിഷനിൽ നിന്നും ₹.2000000/- ലഭിച്ചിട്ടുണ്ട്. അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ എന്ന സ്പിൽ ഓവർ പ്രവൃത്തിക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും നടപ്പിലാക്കിയിട്ടില്ല. കൂടാതെ മിനി എം.സി.എഫ്. സ്ഥാപിക്കൽ എന്ന ഒരു പ്രവൃത്തിക്കും തനവർഷം അംഗീകാരം വാങ്ങിയെങ്കിലും നടപ്പിലാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/19.6.2022ന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ എന്ന പ്രവൃത്തി നടപ്പിലാക്കാനുള്ള സ്ഥല തർക്കം കാരണം തടസ്സം സംഭവിച്ചതിനാലാണ് നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്നും അടുത്ത വർഷം പദ്ധതി ഉപേക്ഷിച്ചു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മിനി എം.സി.എഫ്. സ്ഥാപിക്കൽ എന്ന പ്രവൃത്തി സ്ഥലം ലഭ്യമാകുന്നതിൽ കാലതാമസം വന്നതിനാൽ പൂർത്തീകരിക്കുവാൻ വൈകി. 2021-22ൽ

പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കോംപൌണ്ടിൽ തന്നെയാണ് മിനി എംസിഎഫ് നിർമ്മിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലുള്ള 19 വാർഡുകളിലുമുള്ള മാലിന്യങ്ങൾ മിനി എംസിഎഫ് യൂണിറ്റിൽ സംഭരിക്കുവാൻ ഉള്ള സ്ഥല സൌകര്യം ഇല്ല.

അനുയോജ്യമായ സ്ഥലം കണ്ടെത്തി മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സമയബന്ധിതമായി ചെലവഴിക്കാത്ത തുകകൾ അതാതു ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-31 പല്ലാർമംഗലം ഗ്യാസ് ശ്മശാനം-പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊജക്ട് നം. 78/21 -പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം

അടങ്കൽ - തനതു ഫണ്ട് - ₹1677604

ഗ്രാമപഞ്ചായത്ത് ഷെയർ -₹624400

ബ്ലോക്ക് പഞ്ചായത്ത് ഷെയർ -₹1500000

---------------

₹ 3802004/-

==================

ചെലവ് - ₹1047346/- (ബ്ലോക്ക് പഞ്ചായത്ത് ഷെയർ -ചെക്ക് നം. 1803637/12.8.2020)

₹514020/- (തനതു ഫണ്ട് -ചെക്ക് നം. 5182742/17.12.2020)

₹235890/- (ഗ്രാമപഞ്ചായത്ത് ഷെയർ -ചെക്ക് നം. 5182742/17.12.2020)

₹452654/- (ബ്ലോക്ക് പഞ്ചായത്ത് ഷെയർ -ചെക്ക് നം.1803637/12.8.2020)

₹452654/- (ബ്ലോക്ക് പഞ്ചായത്ത് ഷെയർ -ചെക്ക് നം. 1803634/3.7.2020)

ആകെ – ₹2702564 /-

==============

പല്ലാർമംഗലം ഗ്യാസ് ശ്മശാനം പ്രവൃത്തി 11.6.2020ന് പൂർത്തീകരിച്ചിട്ടുണ്ട്. 14.7.2020ന് ട്രയൽ റൺ നടത്തിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്ത് നം. SLWM/GC-139/2019 തിയതി, 22.7.2020പ്രകാരം ഗ്യാസ് ക്രിമറ്റോറിയത്തിന്റെ 14.7.2020 തിയതിയിലെ ട്രയൽ റണ്ണിൽ ശുചിത്വ മിഷൻ ടെക്നിക്കൽ കൺസൾട്ടന്റ് പങ്കെടുക്കുകയുണ്ടായി എന്നും ഹൈടെക് ക്രിമറ്റോറിയം പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനം പൂർത്തീകരിച്ച ഗ്യാസ് ഫർണസ് ശുചിത്വ മിഷന്റെ പഴയ സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും പുതുക്കിയ സ്പെസിഫിക്കേഷൻ 23.12.209ന് പ്രാബല്യത്തിൽ വന്നുവെങ്കിലും ഹൈടെക് എന്ന സ്ഥാപനം ഇതിനുമുമ്പ് എഗ്രിമെന്റ് വെച്ചതായി കാണുന്നു. പഴയ സ്പെസിഫിക്കേഷൻ പ്രകാരം പൂർത്തിയാക്കിയ ഫർണസിൽ പ്രൈമറി & സെക്കണ്ടറി ചേമ്പറിനു വെവ്വേറെ ടെമ്പറേച്ചർ സെൻസറുകൾ സ്ഥാപിക്കേണ്ടതുണ്ട്. എന്നാൽ ട്രയൽ റൺ പ്രകാരം ഒരൊറ്റ

ടെമ്പറേച്ചർ സെൻസർ മാത്രമാണ് ഘടിപ്പിച്ചിരിക്കുന്നത്. ആയതുകൊണ്ട് പ്രൈമറി & സെക്കണ്ടറി ടെമ്പറേച്ചർ സെൻസറുകൾ വെവ്വേറെ ഘടിപ്പിക്കുകയും (80+/-50$^{0}$C & 1050+/-50$^{0}$C) താപനില നിലനിർത്തുകയും പുറത്തു വരുന്ന പുക (Emission Gas) മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡിനെ കൊണ്ട് ഉറപ്പു വരുത്തേണ്ടതുമാണ്. ടി പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം മാത്രമേ മുഴുവൻ തുകയും ടി സ്ഥാപനത്തിന് കൈമാറാവൂ എന്ന് അറിയിച്ചിട്ടുണ്ട്.

ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനമാരംഭിച്ചാലും നിലവിൽ വാഹന ഗതാഗത സൗകര്യം നിലവിലില്ലാത്തതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്താൻ സാധ്യമല്ല.

പ്രൈമറി & സെക്കന്ററി ചേമ്പറിനു വെവ്വേറെ സെൻസറുകൾ ഘടിപ്പിച്ചിട്ടുണ്ടോ എന്നുള്ള വിവരവും പുറത്തു വരുന്ന പുക മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണെന്ന് ഉറപ്പു വരുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനും ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിനും വാഹന ഗതാഗത സൌകര്യം ഉറപ്പു വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാനാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/20.6.2022ന് നിലവിൽ ഫർണസിൽ പ്രൈമറി & സെക്കന്ററി ചേമ്പറുകൾക്ക് വെവ്വേറെ ടെമ്പറേച്ചർ സെൻസറുകൾ ഘടിപ്പിച്ചിട്ടുണ്ട് എന്നും പുറത്തു വരുന്ന പുക (Emission Gas) മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണെന്നുള്ള രേഖകൾ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിച്ചു കൊള്ളാം എന്നും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ജനപ്രതിനിധികൾ ചേർന്ന് റോഡ് ഗതാഗത സൌകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- പല്ലാർമംഗലം ശ്മശാനം പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- ഫർണസിൽ നിന്നും പുറത്തു വരുന്ന പുക മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡിനെ കൊണ്ട് ഉറപ്പു വരുത്തേണ്ടതാണ്.
- ഗ്യാസ് ക്രിമറ്റോറിയം പ്രൊജക്റ്റ് ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രധാന തടസ്സം അവിടേക്ക് നേരിട്ട് വാഹനത്തിൽ എത്തിപ്പെടാവുന്ന റോഡിന്റെ അഭാവമായതിൽ അത് പരിഹരിക്കുന്നതിന് നിർവ്വഹണാധികാരികൾ , ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ പരിശ്രമം അത്യാവശ്യമാണ്. ഇതിനായി പദ്ധതികൾ ആവിഷ്കരിച്ച് ഫണ്ട് കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പദ്ധതി പരാജയപ്പെടാനും ചെലവഴിച്ച തുക പാഴ്ച്ചെലവാകാനുമിടയുണ്ട്. ഇത്

ഒഴിവാക്കാൻ ജാഗ്രത പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പെടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല.

| ക്രമനം. | പ്രവൃത്തി,<br>അളവു പുസ്തകം | ബിൽ നം., തിയതി<br>തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | So.142/20 – നമ്പിടികുന്നത്ത് പുലാക്കാട്ട്കുന്ന് നെല്ലുകുത്താൻപാറ ടാറിംഗ് -വാർഡ് 10<br>അടങ്കൽ - 600000 MG®<br>കരാറുകാരൻ - ശ്രീ.ശ്രീകണ്ഠൻ.കെ.<br>എഗ്രിമെന്റ് നം.:37/16.11.2019<br>അളവു പുസ്തകം - 21/19-20 | ബിൽ നം. 50/7-8-2020<br>ചെലവ്: - 598556 | RS1- 290.32<br>VG 30 – 2797.61<br>SS1- 897.35 | 1.45<br>18<br>4.49<br>24 Barrel |
| | Adequacy സാക്ഷ്യപ്പെടുത്തിയിട്ടില്ല. | | | |
| | ബാരലിന്റെ വില – 24 X281 = ₹6744 (5712 +1032 GST) | | | |
| 2 | So067/19 -ചുണ്ടേക്കാട്ട് കോളനി റോഡ് -വാർഡ് -16<br>അടങ്കൽ - 126200 -Plan(G)<br>98800 -MG® | ബിൽ നം.28/20.4.2020 –<br>ചെലവ്: - 48059<br>ബിൽ നം.35/30.4.2020 | RS1- 39.28<br>VG 30 – 378.55<br>SS1 – 121.42 | 0.20<br>2.43<br>0.61 |

| | | | | |
|---|---|---|---|---|
| | 5000 – തനതു ഫണ്ട്<br>ആകെ -₹230000<br>കരാറുകാരൻ – ശ്രീ.കെ.ശ്രീകണ്ഠൻ<br>എഗ്രിമെന്റ് നം.: 76/24.1.2019<br>അളവു പുസ്തകം – 50/19-20 | –<br>ചെലവ്: - 98800 | | 3 Barrel |
| | Adequacy സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടാർ വാങ്ങിയതിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | | | |
| | ബാരലിന്റെ വില – 3 X281 = ₹843 (714 + 129 GST) | | | |
| 3 | S0090/20 -പാലത്തിങ്കൽ -ഭഗവതിക്കടവ് റോഡ് മെറ്റലിംഗ്,ടാറിംഗ് – വാർഡ് -3<br>അടങ്കൽ – 200000 -Plan(G)<br>കരാറുകാരൻ – ശ്രീ.ശ്രീകണ്ഠൻ.കെ.<br>എഗ്രിമെന്റ് നം.:69/29.11.2019<br>അളവു പുസ്തകം – 64/20-21 | ബിൽ നം.108/25.1.2021<br>ചെലവ്: – 450000 | RS1- 210.38<br>VG 30 – 1536.12<br>SS1 -650.25 | 1.05<br>9.85<br>3.25<br>14 Barrel |
| | ബാരലിന്റെ വില - 14x281 = ₹3934 (3332 +602 GST) | | | |
| 4 | So0217/21 -കുഞ്ചൻ സ്മാരക റോഡ് – നമ്മണിപ്പാലം പള്ളിയാൽ റോഡ് -ബന്ധിപ്പിക്കുന്ന റോഡ് ടാറിംഗ്<br>അടങ്കൽ – 200000 -MG(R)<br>കരാറുകാരൻ – ശ്രീ.ഹരിനാരായണൻ.കെ<br>എഗ്രിമെന്റ് നം.:39/13.8.2020<br>അളവു പുസ്തകം – 37/20-21 | ബിൽ നം.113/16.2.2021<br>ചെലവ്: – 200000 | SS1 – 318.67<br>RS1- 103.097<br>VG 30 – 752.72 | 1.59<br>0.52<br>4.83<br>7 Barrel |
| | ബാരലിന്റെ വില - 7x281 = ₹1967 (1666 + 301 GST) | | | |
| | ആകെ ബാരലിന്റെ വില =₹13488 ( 11424 +2064 GST) | | | |

ബാരലിന്റെ വിലയായ ₹11424 ഉം GST ₹2064 യും കൂടി ആകെ ₹13488 കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 19/20-6-2022ന് ബാരൽ വില കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2019-20 | 10.6.2022 മുതൽ 20.6.2022വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | 2016-17 | 110000 | പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം | 110000 | 0 |
| അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | 2017-18 | 514400 | പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം | 514400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1264110 | 178/20 -പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം | 1264110 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 483977 | ലൈഫ് മിഷൻ (ജനറൽ) | 2450078 | 530399 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2496500 | ലൈഫ് (എസ്.സി.പി) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 355250 | ലഭ്യമല്ല | 0 | 355250 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 10558597 | വിശദാംശങ്ങൾ ലഭ്യമല്ല | 10558597 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 101565 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 101565 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 41 | 29/20-ലൈഫ് മിഷൻ (ജനറൽ) | 0 | 41 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 5732300 | വിശദാംശങ്ങൾ ലഭ്യമല്ല | 5732300 | 0 |

കേന്ദ്രാവിഷ്കൃതം (ഐ സി ഡി എസ്), ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഷെയറുകളുടെ ഫണ്ട് വിവരം, മറ്റ് ഏജൻസികളിൽനിന്ന് ലഭ്യമാകുന്ന ഫണ്ടുകളുടെ വിവരം എന്നിവ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 4-3 നിക്ഷേപപ്രവൃത്തിക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർനം/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 191/21- പഞ്ചായത്ത് പ്രദേശത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ | 23/ 28.08.20<br>40/27.03.21-<br>ആകെ -547932 (വികസന ഫണ്ട്) | 293335<br>254597 | ---<br>--- | 293335<br>254597<br>ആകെ -547932 (വികസന ഫണ്ട്) |
| കെ.എസ്. ഇ.ബി | 10/21- പഞ്ചായത്ത് പ്രദേശത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ | 42/27.03.21- 489612 | 489612 | --- | 489612 ( വികസന ഫണ്ട്-) |
| കെ.എസ്. ഇ.ബി | 281/21- ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | Requisition No-00029 / 0.10.20-<br>Requisition 00051/ 17.03.21- | 29336<br>42172 | ---<br>----- | 29336<br>42172<br>ആകെ -71508 (തനതുഫണ്ട്) |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ-ഭവന നിർമ്മാണം | GO(MS)No.68/2018. LSGD Dt.18.5.2018 | 19166470 (2018-19) | 19166470 | 2489020 | ० | 16677450 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ഒന്നും അവശേഷിക്കുന്നില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹118308855 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹126364518 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹13488 |
| പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ട തുക | | ₹8132 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹389658 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13488 | ശ്രീമതി.ആയിഷാബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 13488 | |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 1000 | ശ്രീമതി.ആയിഷാബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 7132 | ശ്രീമതി.ആയിഷാബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 8132 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 389658 | ശ്രീമതി.ആയിഷാബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 389658 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

------

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ആയിഷാബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് | 39/489, ആഷി മൻസിൽ, നൂറണി, പാലക്കാട് -678 004 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP8-220/99/24.09.99 | ഓഡിറ്റ് അദാലത്ത് |
| 1997-98 | LFP6/618/00/ 06.10.00 | ,, |
| 1998-99 | LFP6/1714/09.08.01 | ,, |
| 1999-00 | LFP14/504/13.02.01 | ,, |
| 2000-01 | LFP14/622/05/ 10.11.06 | ,, |
| 2001-02 | LFP14-623/05/28.12.07 | ഫർദർ റിമാർക്സ് |
| 2002-03 | LFP14- 228/07/07.01.08 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2003-04 | LFP16- 793/12/02.07.12 | ഫർദർ റിമാർക്സ് |
| 2004-05 | LFP14-1181/09/18.10.10 | ഫർദർ റിമാർക്സ് |
| 2005-06 | LFP14- 1182/09/ 08.03.11 | ഫർദർ റിമാർക്സ് |
| 2006-07 | LFP14-1183/09/17.03.11 | ഫർദർ റിമാർക്സ് |
| 2007-08 | LFP14- 1184/09/ 18.03.11 | ഫർദർ റിമാർക്സ് |
| 2008-09 | LFP16- 1277/12/ 06.10.12 | ഫർദർ റിമാർക്സ് |
| 2009-10 | LFP16- 1352/12/ 10.09.12 | ഫർദർ റിമാർക്സ് |
| 2010-11 | LFP16- 1002/13/ 02.12.13 | ഫർദർ റിപ്പോർട്ട് |
| 2011-12 | LFP16 - 981/14 | ഫർദർ റിപ്പോർട്ട് |
| 2012-13 | KSA-PKD16/1017/15/28.3.17 | ഫർദർ റിമാർക്സ് |
| 2013-14 2014-15 | KSA-PKD16/1429/16/12.12.18 | ഫർദർ റിമാർക്സ് |
| 2015-16 | KSA-PKD16/251/17/12.2.18 | ഫർദർ റിമാർക്സ് |
| 2016-17 | KSA-PKD16/1399/17/7.6.18 | ഫർദർ റിമാർക്സ് |
| 2017-18 | KSA-PKD16/62/19/20.02.19 | ഫർദർ റിമാർക്സ് |
| 2018-19 | KSA-PKD16/16-745 /2020/04.06.2020 | ഓഡിറ്റ് റിപ്പോർട്ട് |
| 2019-20 | Ksa-PKD16/1466 /22/06.07.2022 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം .3

## വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്തം

Lakkidi - Perur Grama Panchayat Receipt and Payment Report

| For the period from 01-04-2020 to 31-03-2021 | | | |
|---|---|---|---|
| Code | Head Account | Schedule No. | Current Year Amount (Rs.) |
| Opening Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 59,180,211.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,270,690.00 |
| 130000000 | Head 3 | RP-3 | 160,510.00 |
| 140000000 | Fees & User Charges | RP-4 | 759,213.00 |
| 150000000 | Sale & Hire Charges | RP-5 | 169,900.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 87,044,780.00 |
| 171000000 | Interest Earned | RP-9 | 1,194,949.00 |
| 190000000 | Prior Period Income | RP-11 | 1,250.00 |
| 311000000 | Earmarked Funds | RP-28 | 1,160.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15,981,244.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4,337,139.00 |
| Non-Operating | | | |
| 330000000 | Secured Loans | RP-31 | 2,900,000.00 |
| 340000000 | Deposits Received | RP-33 | 249,713.00 |
| 350000000 | Other Liabilities | RP-35 | 4,238,307.00 |
| | Total : | | 177,489,066.00 |
| Payments | | | |
| Operating | | | |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 2,801,578.00 |
| 210000000 | Establishment Expenses | RP-12 | 1,724,642.00 |
| 220000000 | Administrative Expenses | RP-13 | 454,001.00 |
| 230000000 | Operations & Maintenance | RP-14 | 1,238,327.00 |
| 240000000 | Interest & Finance Charges | RP-15 | 1,006.00 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 9,572,720.00 |

| | | | |
|---|---|---|---|
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 33,260,193.00 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 14,922,276.00 |
| 254000000 | State Sponsored Schemes | RP-19 | 185,662.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 14,682.00 |
| 290000000 | Prior Period Item | RP-25 | 12,495.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15,479.00 |
| 412000000 | Capital Work In Progress | RP-39 | 5,095,798.00 |
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 470,384.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 9,665,290.00 |
| 460000000 | Loans, Advances and Deposits | RP-49 | 1,239,597.00 |
| Non-Operating | | | |
| 340000000 | Deposits Received | RP-33 | 157,670.00 |
| 350000000 | Other Liabilities | RP-35 | 45,532,718.00 |
| Closing Balance | | | |
| 450000000 | Cash and Bank balance | RP-40(b) | 51,124,548.00 |
| | Total : | | 177,489,066.00 |

ഡെപ്യൂട്ടി ഡയറക്ടർ

Lakkidi - Perur Grama Panchayat Income & Expenditure Statement

For the period from 01-04-2020 to 31-03-2021

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 7,734,037.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 153,406.00 |
| 140000000 | Fees & User Charges | I-4 | 986,813.00 |
| 150000000 | Sales & Hire Charges | I-5 | 169,900.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 186,696,593.00 |
| 170000000 | Income from Investments | I-7 | 0.00 |
| 171000000 | Interest Earned | I-8 | 1,194,949.00 |
| 180000000 | Other Income | I-9 | 0.00 |
| A | Total - INCOME | | 196,935,698.00 |
| 210000000 | Establishment Expenses | I-10 | 9,391,755.00 |
| 220000000 | Administrative Expenses | I-11 | 831,987.00 |
| 230000000 | Operations & Maintenance | I-12 | 2,224,575.00 |
| 240000000 | Interest & Finance Charges | I-13 | 1,661.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 8,947,997.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 43,568,464.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 15,073,662.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 19,494,132.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 73,722,662.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 5,378,469.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 0.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 1,301,973.00 |
| 190000000 | Prior Period Income | I-19 | 2,890,911.00 |
| B | B - Total : EXPENDITURE | | 179,937,337.00 |
| C = A-B | Gross Surplus / (deficit) of income over expenditurbefore Prior Period Items. | | 16,998,361.00 |

| | | | |
|---|---|---|---|
| 190000000 | Prior period Income | I-19 | 2,890,911.00 |
| 290000000 | Prior period Expenses | I-18 | 12,495.00 |
| | Net Difference | I-19 - I-18 | 2,878,416.00 |
| E = C-D | Gross Surplus / (deficit) of income over expenditure after Prior Period Items. | | 14,119,945.00 |
| 290000000 | Transfer to Reverse Funds | | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |

ഡെപ്യൂട്ടി ഡയറക്ടർ

Lakkidi - Perur Grama Panchayat Balance Sheet

| Balance Sheet as on 31-03-2021 | | | |
|---|---|---|---|
| Code No | Description of items | Schedule No. | Current Year Amount (Rs.) |
| 310000000 | Panchayat (General) Fund | B-1 | 57,373,676.00 |
| 311000000 | Earmarked Funds | B-2 | 34,730.00 |
| 312000000 | Reserves | B-3 | 64,738,303.00 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 10,803,486.00 |
| 330000000 | Secured Loans | B-5 | 17,077,450.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 485,283.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 2,526,688.00 |
| 360000000 | Provisions | B-10 | 0.00 |
| | Total : | | 153,039,616.00 |
| 410000000 | Fixed Assets | B-11 | 362,358.00 |
| 412000000 | Capital Work-in-Progress | B-11(b) | 293,335.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 147,828.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 3,001,331.00 |
| 415000000 | Annual Plan - Capital Expences | B11-(e) | 72,171,628.00 |

| | | | |
|---|---|---|---|
| | (Infrastructure Sector) | | |
| 416000000 | Accumulated Depreciation | B-11(a) | -22,232,641.00 |
| 420000000 | Investment -General Fund | B-12 | 0.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 26,829,957.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |
| 440000000 | Pre-paid Expenses | B-16 | 16,677,450.00 |
| 450000000 | Cash and Bank Balance | B-17 | 51,124,548.00 |
| 460000000 | Loans, advances and deposits | B-18 | 5,069,775.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | Total : | | 153,039,616.00 |

ഡെപ്യൂട്ടി ഡയറക്ടർ